# വില്യം ഷേക്സ്പിയർ
# കൊടുങ്കാറ്റ്
# സചിത്ര ക്ലാസിക് കഥകൾ

## ചതി

മിലാനിലെ പ്രഭുവായിരുന്നു പ്രോസ്പ്പെറോ. ഒരു ശുദ്ധ ഹൃദയൻ. മാന്ത്രികവിദ്യയോട് അതിയായ പ്രതിപത്തിയുള്ള അദ്ദേഹം തന്റെ സമയം മുഴുവൻ മാന്ത്രികവിദ്യയിൽ ഗാഢമായ അറിവുനേടുന്നതിനു വിനിയോഗിച്ചു. അനുജനായ അന്റോണിയോയെ പ്രോസ്പ്പെറോയ്ക്ക് വലിയ വിശ്വാസമായിരുന്നു. അതു കൊണ്ട് യാതൊരു മടിയുമില്ലാതെ പ്രഭു അയാളെ ഭരണച്ചുമതല ഏല്പ്പിച്ചു. അതോടെ രാജ്യകാര്യങ്ങളിൽ ശ്രദ്ധയില്ലാതായ പ്രഭു ഇന്ദ്രജാലപ്പുസ്തകങ്ങളിലേക്കും അതിന്റെ പഠനങ്ങളിലേക്കും കൂടുതൽ ആണ്ടിറങ്ങി.

അധികാരം കൈയിൽ കിട്ടിയതോടെ അന്റോണിയോ പ്രഭുവായി സ്വയം അവരോധിച്ചു. പ്രോസ്പെറോയെ പ്രഭുപദവിയിൽനിന്ന് ഒഴിവാക്കണമെന്നുള്ള അതിമോഹം അയാളുടെ ദുഷ്ടബുദ്ധിയിൽ ഉണർന്നു. അതിനായി അയാൾ നേപ്പിൾസിലെ രാജാവായ അലോൻസോയെ കൂട്ടുപിടിച്ചു. അതോടെ അലോൻ സോയും പ്രോസ്പെറോയുടെ ശത്രുവായിത്തീർന്നു.

മിലാനിലെ ജനങ്ങൾ തങ്ങളുടെ പ്രഭുവിനെ അത്യധികം സ്നേഹിക്കുന്നതുകൊണ്ട് അദ്ദേഹത്തെ അത്ര എളുപ്പം നശിപ്പിക്കാൻ അവർക്കു കഴിഞ്ഞില്ല.

പ്രഭുപദവിയിലിരിക്കാൻ ജനങ്ങൾ തന്നെ അനുവദി ക്കയില്ലെന്നും അവർ തനിക്കെതിരെ തിരിയുമെന്നും അന്റോണിയോയ്ക്ക് നല്ല ഉറപ്പു ണ്ടായിരുന്നു. അതുകൊണ്ടയാൾ പ്രോസ്പ്പെറോയേയും അദ്ദേഹ ത്തിന്റെ മൂന്നു വയസ്സുള്ള കുഞ്ഞു മകളെയും ഒരു പായ്ക്കപ്പലിൽ കയറ്റി ദൂരെക്കടലിൽ മുങ്ങിച്ചാകാ നായി അയയ്ക്കാൻ തീരുമാനിച്ചു.അതിനായി ഒരു പായ്ക്കപ്പൽ ഒരുക്കി അതിൽ പ്രോസ്പെറോയേയും മകളേയും തന്ത്രപൂർവം കയറ്റി. ഒപ്പം അന്റോണി യോയും ചില വിശ്വസ്ത പരിചാരകരും കൂടി കയറി.

കരയിൽനിന്നു കുറേ അകലെ എത്തിയപ്പോൾ അലോൻ സോ അതിൽ പ്രത്യക്ഷപ്പെട്ടു. ആ സമയം വരെ അയാൾ ഒരു അറയിൽ ഒളിച്ചിരിക്കുകയായിരുന്നു. അലോൻസോയെ കണ്ടതോടെ പ്രോസ്പെറോയ്ക്ക് അപകടം മനസ്സിലായി. “എന്താണിത്?” പ്രഭു സഹോദര

നോടു തിരക്കി. “പ്രത്യേകിച്ചൊന്നുമില്ല. നിങ്ങൾ ഒരു കപ്പൽയാത്ര പോവുകയും ഞങ്ങൾ മിലാനിലേക്കു മടങ്ങുകയും ചെയ്യുന്നു. ഇനി എന്റെ കിരീട ധാരണമാണ് നടക്കുക.അങ്ങനെ ഞാൻ മിലാനിലെ പ്രഭുവാകും!” അന്റോണിയോ മറുപടി നൽകി.

“ഹേയ്, പ്രോസ്പെറോ, പിന്നൊരു കാര്യം ഓർക്കുക രാജ്യം ഭരിക്കുന്ന പ്രഭു രാജ്യകാര്യങ്ങളിൽ എപ്പോഴും

ശ്രദ്ധയുള്ളവനായിരിക്കണം. വെറുതെ മാന്ത്രികവിദ്യ പഠിച്ചും അതിൽ മാത്രം ശ്രദ്ധിച്ചും കഴിയരുത്.അതു വിദ്വാൻമാർക്കു മാത്രം പറഞ്ഞിട്ടുള്ള പണിയാണ്.'' അപ്രകാരം പറഞ്ഞിട്ട് അലോൻസോ അന്റോണിയോയെ നോക്കി കണ്ണിറുക്കി, “അന്റോണിയോയെപ്പോലെ ഒരാളെയാണ് മിലാന്റെ ഭരണാധികാരിയായി ഞങ്ങൾക്ക് വേണ്ടത്. അല്ലാതെ മറ്റുള്ളവരെ രാജ്യഭാരം

ഏല്പ്പിച്ചിട്ട് മാന്ത്രിക വിദ്യയും ഇന്ദ്രജാലവും പഠിച്ച് സമയം കളയുന്ന നിങ്ങളെപ്പോലൊരാളെ അല്ല. ”

"അന്റോണിയോ! ഇത്തരത്തിൽ എന്നെ ചതിക്കാൻ, എന്നോടു വിശ്വാസവഞ്ചന കാട്ടാൻ നിനക്കെങ്ങനെ കഴിയുന്നു?” കൊടിയ വേദനയിൽ പ്രോസ്പെറോ നിലവിളിച്ചുപോയി. “നിങ്ങൾ ചെയ്തതിന്റെ ഫലമാണ് നിങ്ങൾ അനുഭവിക്കുന്നത്”. ചെറുചിരിയോടെ അന്റോണിയോ പറഞ്ഞു. “രാജ്യത്തിന്റെ ദൈനംദിന കാര്യങ്ങൾ നടത്താനുള്ള ചുമതല മറ്റൊരാളെ ഏൽപിക്കാതിരുന്നെങ്കിൽ നിങ്ങൾക്കിങ്ങനെയൊന്നും വരില്ലായിരുന്നു.”

“ഞാൻ നിന്നെ വിശ്വസിച്ചുപോയി. അതിരില്ലാതെ വിശ്വസിച്ചുപോയി. എന്നാലും ഇത്തരമൊരു ചതി നീയെന്നോടു ചെയ്യാൻപാടില്ലായിരുന്നു!” പ്രോസ്പെറോ കോപിച്ചു.

അന്റോണിയോ അതൊന്നും ശ്രദ്ധിക്കാതെ, ഗോൺസാലോ യോട് വഞ്ചി ഇറക്കാൻ ആവശ്യപ്പെട്ടു. “ശരി മാസ്റ്റർ,” ഗോൺസാലോ വിനയാന്വിതനായി വഞ്ചിയിറക്കാൻ തയാറായി.

“ഗോൺസാലോ, എടാ മഹാവഞ്ചകാ,” പ്രോസ്പെറോ ഗർജിച്ചു.

പക്ഷേ, അതു കേൾക്കാൻ നിൽക്കാതെ, ഒരു വാക്കുപോലും പറയാതെ ഗോൺസാലോ ദൂരേക്കു പോയി.

പ്രോസ്പെറോയും കുഞ്ഞുമകളും ആ ചെറുവഞ്ചിയിൽ കയറാൻ നിർബന്ധിതരായി.കയറോ, പായോ, പാമരമോ ഇല്ലാത്ത ജീർണിച്ച തോണിയിൽ അന്റോണിയോ അവരെ കയറ്റിവിട്ടു, അവർ മുങ്ങിച്ചാകുമെന്ന

പ്രതീക്ഷയോടെ. പ്രോസ്പെറോ പ്രഭുവിനെ സ്നേഹിച്ചിരുന്ന ഗോൺസാലോ കുറച്ചാഹാരവും അല്പം ശുദ്ധജലവും കുറച്ച് ഉടുപ്പുകളും വഞ്ചിയിൽ വച്ചിരുന്നു. അതുപോലെ പ്രഭു തന്റെ പ്രഭുപദവി യെക്കാളും വിലമതിച്ചിരുന്ന മാന്ത്രികപുസ്തകങ്ങ ളും.അവർ ഒരു മരുദ്വീപിൽ എത്തും വരെ ജീവൻ നിലനിർത്താൻ ആ ആഹാരം ഉപകരിച്ചു. ആ ദ്വീപ് കണ്ടതോടെ പ്രോസ്പെറോയ്ക്ക് വളരെ സന്തോഷമായി. അവിടം കൂലങ്കഷമായി പരിശോധിച്ചപ്പോൾ ആരോ തന്നോടു സംസാരിക്കുന്നതു പോലെ പ്രോസ്പെറോയ്ക്ക് തോന്നി. ദ്വീപ് അരൂപികളുടെ ആവാസകേന്ദ്രമാണെന്ന് പെട്ടെന്നു തന്നെ അദ്ദേഹത്തിനു മനസ്സിലായി.

അവിടെയുള്ള രണ്ടേ രണ്ടു മനുഷ്യജീവികൾ പ്രോസ്പെ റോയും അദ്ദേഹത്തിന്റെ മകൾ മിറാൻഡയുമായിരുന്നു.

## അരൂപികളുടെ ദ്വീപ്

അവർ പാറ തുരന്നുണ്ടാക്കിയ ഒരു ഗുഹയിൽ താമസം തുടങ്ങി. ആ ഗുഹ പല അറകളായി വിഭജിക്കപ്പെട്ടി രുന്നു. ഒന്ന് പ്രോസ്പെറോയുടെ പഠനമുറിയായായി ഉപയോഗിച്ചു. അവിടെയാണ് തന്റെ മാന്ത്രിക പുസ്തകങ്ങൾ അദ്ദേഹം സൂക്ഷിച്ചത്. സിക്കാറക്സ് എന്ന മന്ത്രവാദിനിയുടെ മാന്ത്രികവലയത്തിലായിരുന്നു ആ ദ്വീപ്. വിചിത്രമായ യാദൃച്ഛികതകൊണ്ട് ആ ദ്വീപിൽ എത്തിപ്പെടുകയായിരുന്നു അവർ. മാന്ത്രികവിദ്യയിലുള്ള ജ്ഞാനം അവിടെ വളരെ പ്രയോജനപ്പെടുമെന്ന് പ്രോസ്പെറോ മനസ്സിലാക്കി. സിക്കാറക്സ് അവളുടെ സിൽബന്ധികളുടെ സഹായത്തോടെ ഒരുപാട് നല്ല ആത്മാക്കളെ വലിയ പൈൻമരങ്ങളിൽ തളച്ചിട്ടിരുന്നു. പ്രോസ്പെറോ അരൂപികളുടെ തലവനായ ഏരിയലിനോടു

സംസാരിച്ചു:

“എന്തുകൊണ്ടാണ് നീയും നിന്റെ സുഹൃത്തുക്കളും മരങ്ങളിൽ തളയ്ക്കപ്പെട്ടത്?”

അരൂപികളുടെ തലവൻ തന്റെ കഥകൾ വിവരിച്ചു തുടങ്ങി:

“സിക്കാറക്സ് തന്റെ തരംതാണ നികൃഷ്ട കൽപനകൾ നടത്താൻ നിർബന്ധിച്ചു. കടലിലൂടെ പോകുന്ന കപ്പലുകളെ ആകർഷിച്ചു വരുത്തി. അതിലെ ജോലിക്കാരെയും സഞ്ചാരികളെയും കൊന്ന് അവരുടെ സ്വർണവും മറ്റും കവർന്നെടുക്കുകയായിരുന്നു അവളുടെ ലക്ഷ്യം. അവളുടെ അത്തരം കൽപനകൾ അനുസരിക്കാൻ ഞങ്ങൾ വിസമ്മതിച്ചു.അത്കൊണ്ട് കോപാക്രാന്തയായ അവൾ ഞങ്ങളെ വലിയ പൈൻമരങ്ങളിൽ തളച്ചിട്ടു.”

“അവളിപ്പോൾ എവിടെയാണ്?” പ്രോസ്പെറോ ചോദിച്ചു. “ഏതാനും മാസങ്ങൾക്കു മുൻപ് അവൾ മരിച്ചു. പക്ഷേ അവളുടെ മകൻ ഇപ്പോഴും ഇവിടെയുണ്ട്. കാലിബൻ. അമ്മയെപ്പോലെ ഒരു ദുഷ്ടജന്തുവാണ് അവനെങ്കിലും മാന്ത്രികശക്തിയിൽ അവൻ അമ്മയെക്കാൾ താഴെയാണ്. യജമാനനേ, അങ്ങു ഞങ്ങളെ സ്വതന്ത്രരാക്കിയാൽ അങ്ങ് ആഗ്രഹിക്കുന്ന കാലത്തോളം അങ്ങയുടെ ഏതാജ്ഞയും അനുസരിക്കാൻ ഞങ്ങൾ തയ്യാറാണ്.” ഏരിയൽ യാചിച്ചു.

“ശരി, ഞാൻ നിങ്ങളെ സ്വതന്ത്രരാക്കാം. പക്ഷേ, പിന്നീടു നിങ്ങൾ നിങ്ങളുടെ പ്രതിജ്ഞയെപ്പറ്റി മറന്നുപോകരുത്.'' പ്രോസ്പെറോ ഉറച്ചസ്വരത്തിൽ പറഞ്ഞു.അതോടെ മാന്ത്രികവിദ്യ ഉപയോഗിക്കാൻ പ്രോസ്പെറോയ്ക്ക് അവസരം ലഭിച്ചു. അദ്ദേഹം അരൂപികളെ മുഴുവൻ സ്വതന്ത്രരാക്കി. ആ ദിവസം മുതൽ സൗമ്യശീലരായ ആ

അരൂപികൾ പ്രോസ്പെറോയുടെ ആജ്ഞ അനുസരിച്ച് കഴിയുവാനും തുടങ്ങി.

ചുറുചുറുക്കുള്ള കുഞ്ഞ് ഏരിയൽ ഒട്ടും വികൃതിയായിരുന്നില്ല. പക്ഷേ, സിക്കാറക്സിന്റെ മകൻ കാലിബനെ ചിത്രവധം ചെയ്യാതെ വിടാൻ അവൻ തയ്യാറായിരുന്നുമില്ല. ഏരിയൽ അതിൽ ഏറെ സന്തോഷം കണ്ടെത്തി.

കാട്ടുപ്രദേശത്ത് ഒളിച്ചിരുന്ന കാലിബനെ പ്രോസ്പെറോ കണ്ടുപിടിക്കുകയായിരുന്നു. അവൻ വളരെ വൃത്തികെട്ടവനും അവലക്ഷണം പിടിച്ച വിരൂപിയും ആയിരുന്നു. ഒരു ഭാഗ്യം കെട്ട ജന്തു. മനുഷ്യനേക്കാൾ സാദൃശ്യം ആൾക്കുരങ്ങിനോടായിരുന്നു അവന്.

മാന്ത്രിക ശക്തിയാൽ അവനെ പ്രോസ്പെറോ തന്റെ അറയിലേക്കു കൊണ്ടുവന്നു.സംസാരിക്കാൻ അവനെ പഠിപ്പിച്ചു.

പ്രോസ്പെറോ അവനോട് ദയയോടെയാണു പെരുമാറിയത്. പക്ഷേ, അവന് അമ്മയുടെ ദുഷ്ടസ്വഭാവം അതേപടി പകർന്നു കിട്ടിയിരുന്നു. തന്മൂലം നല്ലതോ ഉപകാരപ്രദമോ ആയതൊന്നും പഠിക്കാൻ അവനു കഴിഞ്ഞില്ല. അതുകൊണ്ടദ്ദേഹം അവനെ അടിമയാക്കി. ഏറെ ക്ലേശകരമായ പണികൾ അവനെ ഏല്പ്പിച്ചു. അവനെക്കൊണ്ടു നിർബന്ധിച്ചു പണിയെടുപ്പിക്കുന്ന ചുമതല ഏരിയലിനായിരുന്നു.

കാലിബൻ അലസത കാണിക്കുകയോ, തന്റെ പണിയിൽ ഉപേക്ഷ വിചാരിക്കുകയോ ചെയ്താലുടനെ ഏരിയൽ തന്ത്രപരമായി വന്ന് അവനെ നുള്ളും. ചിലപ്പോ ഴൊക്കെ ചെളിയിൽ തള്ളിയിടും. എന്നിട്ട് ആൾക്കുരങ്ങിനെപ്പോലെ കൊഞ്ഞനം കാണിക്കും. ചില പ്പോൾ പെട്ടെന്നു മുള്ളൻപന്നിയായി രൂപം മാറിയിട്ട്

കാലിബന്റെ വഴിയിൽ കയറി വെകിളി പിടിച്ചതു പോലെ ഓടും. മുള്ളൻപന്നിയുടെ കൂർത്ത മുള്ളു തന്റെ കാലിൽ തറയ്ക്കുമെന്ന ഭയം കൊണ്ട് കാലിബൻ വേവലാതിപ്പെടും.പ്രോസ്പെറോ ഏല്പിക്കുന്ന പണികളൊന്നും ചെയ്യാതെ ഉപേക്ഷ വരുത്തുമ്പോഴൊക്കെ ഇങ്ങനെ വിവിധതരം സൊല്ലകളും കൗശലങ്ങളും കാണിച്ച് ഏരിയൽ കാലിബനെ ദണ്ഡി

പ്പിച്ചുകൊണ്ടിരുന്നു. ശക്തരായ അരൂപികൾ പ്രോസ്പെറോയുടെ ഏതാഗ്രഹവും സാധിപ്പിച്ചു കൊടുക്കാനായി കൂടെ ഉള്ളതുകൊണ്ട് അവരുടെ സഹായത്താൽ കടലിലെ തിരമാലയോടും കാറ്റിനോടും അജ്ഞാപിച്ച് അദ്ദേഹം തന്റെ കാര്യങ്ങൾ നടത്താൻ തുടങ്ങി.

ഈ കാലയളവിൽ മിറാൻഡ വളർന്ന് വളരെ സൗന്ദര്യ വതിയായിക്കഴിഞ്ഞിരുന്നു. പ്രോസ്പെറോ തന്റെ മകളെ ഏറെ സ്നേഹിച്ചതുകൊണ്ട് എവിടെ പോയാലും അവളെ കാത്തു സൂക്ഷിക്കണമെന്ന് അദ്ദേഹം അരൂപികളോട് ആജ്ഞാപിച്ചിരുന്നു.

## മാന്ത്രികക്കാറ്റ്

ഒരു ദിവസം ദൂരെ കടലിലൂടെ ഒരു കപ്പൽ നീങ്ങുന്നത് പ്രോസ്പെറോയുടെ കണ്ണിൽപ്പെട്ടു. തന്റെ ശത്രുക്കളായ അന്റോണിയോയും അലോൻസോയുമാണ് ആ കപ്പലിലെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്റെ കല്പന അനുസരിച്ച് അരൂപികൾ കടലിൽ ഒരു വലിയ കൊടുങ്കാറ്റുണ്ടാക്കി. കടൽത്തിരകളിൽ കിടന്ന് കപ്പൽ അമ്മാനമാടി. ഏതു നിമിഷവും കടൽ കപ്പലിനെ വിഴുങ്ങിയേക്കാമെന്ന നില വന്നു.ആ സമയത്താണ് മിറാൻഡ അദ്ദേഹത്തിന്റെ അരികിലെത്തിയത്. അദ്ദേഹം മകൾക്ക് മനോജ്ഞമായ ആ കപ്പൽ കാണിച്ച്

കൊടുത്തു. തങ്ങളെപ്പോലെ ഒരുപാട് മനുഷ്യജീവികൾ അതിലുണ്ടെന്ന് അദ്ദേഹം മകളോട് പറഞ്ഞു.വളരെ ചെറുപ്രായത്തിലാണല്ലോ അവളാ ദ്വീപിൽ  എത്തിയത്.

അച്ഛന്റേതല്ലാത്തതായ ഒരു മനുഷ്യമുഖം കണ്ടതായി അവൾക്ക് ഓർമ പോലുമില്ല. അവൾ അത്ഭുതപ്പെട്ടു നില്ക്കുമ്പോൾ അദ്ദേഹം പറഞ്ഞു:

“നോക്കൂ-മകളേ, കപ്പൽച്ഛേതം നടക്കാൻ പോവുന്നു. ഞാനുണ്ടാക്കിയ കൊടുങ്കാറ്റിൽ പിടിച്ചു നില്ക്കാൻ ആ കപ്പൽ മല്ലിടുന്നു. കണ്ടോ നീയത്?”

“എന്റെ പൊന്നച്ഛാ, അതിലുള്ള ജീവികളുടെ ശോചനീയമായ ദുരിതം കണ്ട് അവരോടു മനസ്സലിയൂ. ഇപ്പോൾ കപ്പൽ തകർന്നു തരിപ്പണമാകും. എന്തിനാണവരെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്? ഇങ്ങനൊക്കെ സംഭവിക്കാൻ അവരെന്തു പിഴച്ചു?” അച്ഛന് ആ കാഴ്ച നന്നേ രസിക്കുന്നുവല്ലോയെന്നു ഖേദത്തോടെ മനസ്സിലാക്കിയ അവൾ വിസ്മയത്തോടെ ചോദിച്ചുപോയി.

“അമ്പരക്കേണ്ട മോളേ,” പ്രോസ്പ്പെറോ പറഞ്ഞു. “അതിലെ ജീവികൾക്ക് ഒരു പോറലുപോലും ഏല്ക്കണമെന്ന് എനിക്കാഗ്രഹമില്ല. അതിന്റെ പുറകിൽ ഒരു കഥയുണ്ട്. നിനക്കതൊന്നും അറിഞ്ഞുകൂടാ. ഒരു പക്ഷേ, നീ ആരാണെന്നു പോലും...”

കടൽക്ഷോഭം ശമിപ്പിക്കാൻ മിറാൻഡ അച്ഛനെ നിർബന്ധിച്ചു. അദ്ദേഹം പറയുന്നതൊന്നും മനസ്സിലാക്കാൻ അവൾക്കു കഴിഞ്ഞില്ല. കാരണം അവർ ആ ദ്വീപിൽ വരാൻ നിർബന്ധിതരായതിന്റെ കാരണമൊന്നും അദ്ദേഹം അവൾക്കു പറഞ്ഞു കൊടുത്തിരുന്നില്ല. തന്റെ സഹോദരനും കൂട്ടരും തന്നെ കബളിപ്പിച്ച് അധികാരം തട്ടിയെടുത്ത കഥ

പ്രോസ്പ്പെറോ മകളോടു പറഞ്ഞു. അവസാനം അയാൾ പറഞ്ഞു. "എന്റെ തങ്കമേ, നീയെന്ന കുഞ്ഞു മാലാഖയാണ് എന്നെ ജീവനോടെ നിലനിർത്തിയത്. നിന്റെ നിഷ്കളങ്കമായ പുഞ്ചിരി എന്റെ ദൌർഭാഗ്യങ്ങളൊക്കെ സഹിക്കാൻ എന്നെ പ്രാപ്തനാക്കി.നിന്നെ വിദ്യ അഭ്യസിപ്പിക്കുന്നതായിരുന്നു മിറാൻഡ എൻറെ മുഖ്യ ആനന്ദം.എൻറെ നിർദേശങ്ങൾ അനുസരിച്ച നീ ഇപ്പോൾ വളരെ നല്ല ഗുണങ്ങളൊക്കെ ആർജിച്ചു കഴിഞ്ഞു."

"സ്വർഗം അതിനങ്ങേക്കു നന്ദി പറയട്ടേ അച്ഛാ"

മിറാൻഡ പറഞ്ഞു. "പക്ഷേ, ഇപ്പോൾ ഈ കടൽക്കാറ്റു സൃഷ്ടിച്ചതിന്റെ കാരണമെന്താണെന്ന് എന്നോട് പറയൂ. "

"എന്നാൽ കേട്ടോളൂ, ഈ കടൽക്ഷോഭം എന്റെ ശത്രുക്കളെ അതായത് നേപ്പിൾസിലെ രാജാവിനെയും എന്റെ ക്രൂരനായ സഹോദരനെയും ഈ കടൽത്തീരത്തെത്തിച്ചിരിക്കുന്നു!" അദ്ദേഹം പറഞ്ഞു.

അതും പറഞ്ഞിട്ട് പ്രോസ്പ്പെറോ തന്റെ മാന്ത്രികദണ്ഡു കൊണ്ട് അവളെ മെല്ലെ ഒന്നു തൊട്ടു. അതോടെ അവൾ ഉറങ്ങിപ്പോയി. ആ സമയത്ത് ഏരിയൽ അവിടെയെത്തി. പ്രോസ്പെറോ ചുമതലപ്പെടുത്തിയതനുസരിച്ചു സൃഷ്ടിക്കപ്പെട്ട കൊടുങ്കാറ്റിനെപ്പറ്റി പറയാനായിരുന്നു ആ വരവ്. മിറാൻഡയ്ക്ക് അരൂപികളെ കാണാൻ കഴിയില്ലെങ്കിലും അവരുടെ സംസാരം കേൾക്കാൻ കഴിയും. അവൾ അതു കേൾക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല. അതുകൊണ്ടാണ് മാന്ത്രികദണ്ഡു കൊണ്ട് സ്പർശിച്ച് അവളെ ഉറക്കിയത്.

ഏരിയൽ കടന്നുവന്ന് കടൽക്ഷോഭത്തിന്റെ ഒരു സജീവ വിവരണം അദ്ദേഹത്തിന് നൽകി. നാവികർ കപ്പൽ

ഉപേക്ഷിച്ച് പ്രക്ഷുബ്ധമായ കടലിലേക്കു ചാടി. ചാടാൻ ധൈര്യമില്ലാത്തവരെ അലറുന്ന തിരകൾ കപ്പലിൽ നിന്നു വെളിയിലേക്കു ഒഴുക്കിക്കൊണ്ടു പോയി.അലോൻസോ രാജാവിന്റെ പുത്രൻ ഫെർഡിനാൻഡാണ് ആദ്യം കടലിലേക്കു ചാടിയത്. തന്റെ പ്രിയപ്പെട്ട മകനെ തിരകൾ വിഴുങ്ങുന്നത് നിസ്സഹായനായി ആ പിതാവു കണ്ടു. അയാളെ എന്നെന്നേയ്ക്കുമായി തനിക്കു നഷ്ടപ്പെട്ടു എന്ന് അദ്ദേഹം ചിന്തിച്ചു. പക്ഷേ, ദ്വീപിന്റെ ഒരു കോണിൽ അയാൾ സുരക്ഷിതനായി എത്തിക്കഴിഞ്ഞിരുന്നു. അവിടെ കൈകൾ പിണച്ചിരുന്ന് തന്റെ അച്ഛൻ മുങ്ങിത്താണതു തന്നെ എന്നു കരുതി അയാൾ വിലപിക്കുകയായിരുന്നു.

എല്ലാം കേട്ടു കഴിഞ്ഞപ്പോൾ കപ്പൽ യാത്രികരെ എല്ലാവരെയും രക്ഷിച്ച് ദ്വീപിന്റെ ഓരത്തെത്തിക്കാൻ പ്രോസ്പെറോ കല്പിച്ചു.

“ഏരിയൽ എന്റെ നീചനായ സഹോദരനെവിടെ? " പ്രോസ്പെറോ തിരക്കി.

“ഓ, ഫെർഡിനാൻഡിനെ അന്വേഷിച്ചു കണ്ടുപിടിക്കപ്പെടാനുള്ള തിടുക്കത്തിൽ ഞാനവരെ അവിടെ വിട്ടേച്ചാണു വന്നത്. അയാൾ മുങ്ങിത്താഴുന്നതു കണ്ടതു കൊണ്ട് ഇനി അയാളെ കണ്ടെത്താമെന്നുള്ള പ്രതീക്ഷപോലും അവർക്കു നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. നാവികരിൽ ഒരാൾ പോലും മുങ്ങിപ്പോയിട്ടില്ല. പക്ഷേ, ഓരോരുത്തരും ചിന്തിച്ചത് താൻ മാത്രമാണ് രക്ഷപ്പെട്ടത് എന്നാണ്. കപ്പൽ വീണ്ടെടുത്ത് ദ്വീപിന്റെ വിദൂരമായ ഒരു കോണിൽ ഒളിപ്പിച്ചിട്ടുമുണ്ട്.'

“ഏരിയൽ,” പ്രോസ്പെറോ പറഞ്ഞു. “നിന്റെ ചുമതല നീ ഭംഗിയായി നിർവഹിച്ചു. പക്ഷേ, ഇനിയും പണികളുണ്ട് കേട്ടോ!”

“ഇനിയും പണികളോ?” ഏ്യരിയൽ ചോദിച്ചു. “യജമാനനേ, ഞാൻ ഒന്നൂടെ ഓർമിപ്പിക്കട്ടെ. എന്നെ സ്വതന്ത്രനാക്കാമെന്ന് അങ്ങു വാക്കു തന്നിരുന്നു.” “ഇപ്പോഴെങ്ങനെ അതു നടക്കും?” പ്രോസ്പെറോ കടുപ്പിച്ചു ചോദിച്ചു. “നിന്നെ ഞാൻ എപ്രകാരമുള്ള ദുരിതത്തിൽ നിന്നാണ് മോചിപ്പിച്ചതെന്നു നീ ഓർക്കുന്നില്ലേ? ഇപ്പോൾ അതൊന്നു ഓർക്കുന്നത് നന്നായിരിക്കും.”

“ക്ഷമിക്കണേ യജമാനനേ,” താൻ നന്ദിയില്ലാത്തവനാണെന്ന് യജമാനനു തോന്നിയോ എന്നു കരുതി ലജ്ജയോടെ ഏ്യരിയൽ പറഞ്ഞു. “അങ്ങെന്തു പറഞ്ഞാലും ഞാൻ അനുസരിച്ചുകൊള്ളാം."

“ങാ, അപ്രകാരം ചെയ്യൂ- താമസിയാതെ നിന്നെ ഞാൻ സ്വതന്ത്രനാക്കുന്നുണ്ട്,” പ്രോസ്പെറോ സമ്മതിച്ചു.

യജമാനന്റെ ആജ്ഞപ്രകാരം ഏ്യരിയൽ ദ്വീപിലൂടെ അലഞ്ഞു തിരിഞ്ഞു നടന്ന രാജകുമാരനെ തന്റെ മാന്ത്രിക ശക്തിയാൽ പ്രഭുവിന്റെ ഗുഹയിലേക്കു കൂട്ടിക്കൊണ്ടുവന്നു. മനോഹരഗാനങ്ങളാൽ അവൻ കുമാരനെ വശീകരിച്ചു കൊണ്ടു വരികയായിരുന്നു.

ഒരു വലിയ മരത്തിന്റെ കീഴിൽ ഇരിക്കുന്ന പ്രോസ് പെറോയുടെയും മിറാൻഡയുടെയും അരികിലേക്കാണ് കുമാരനെ ഏ്യരിയൽ എത്തിച്ചത്. തന്റെ പിതാവിനെയല്ലാതെ മറ്റൊരു മനുഷ്യജീവിയെ അതുവരെ കണ്ടിട്ടില്ലാത്ത മിറാൻഡ അത്ഭുതപരതന്ത്രയായി.

“അയ്യോ, അച്ഛാ!” അമ്പരപ്പോടെ അവൾ പറഞ്ഞു. “തീർച്ചയായും ഇതൊരു ദേവത തന്നെ. വളരെ സുന്ദരമായ വസ്തു! ശരിക്കും ഇതൊരു ദേവത തന്നെ അല്ലേ അച്ഛാ?” "അല്ല മകളേ,” പിതാവു മറുപടി നൽകി. “ഇതു ഭക്ഷണം കഴിക്കുന്നു, ഉറങ്ങുന്നു.

നമുക്കുള്ളതുപോലെ എല്ലാ ഇന്ദ്രിയങ്ങളും ഇതിനുണ്ട്. നീ കാണുന്ന ഈ യുവാവ് തകർന്ന കപ്പലിലുണ്ടായിരുന്നു.തന്റെ സഹയാത്രികരെ നഷ്ടപ്പെട്ട അയാൾ അവരെ കണ്ടുപിടിക്കാനായി അലഞ്ഞു തിരിയുകയാണ്.ഇപ്പോൾ അനുഭവിച്ച കഷ്ടപ്പാടും സങ്കടവും ഹേതുവായി അവനൊരുപാട് മാറ്റം വന്നിട്ടുണ്ട്.അല്ലെങ്കിൽ നിനക്ക് അവനെ സുന്ദരനെന്നു തന്നെ വിളിക്കാമായിരുന്നു."

മിറാൻഡ അതുവരെ കരുതിയത് എല്ലാ പുരുഷൻമാർക്കും തന്റെ പിതാവിനെപ്പോലെ ഗൌരവം നിറഞ്ഞ മുഖവും നരച്ച താടിയും ഉണ്ടായിരിക്കുമെന്നാണ്.അതുകൊണ്ട് ഈ സുന്ദര പുരുഷനെ കണ്ടപ്പോൾ അവൾ ഏറെ സന്തോഷിച്ചു.

അതിമനോഹരിയായ ഒരു കന്യകയെ ഇത്തരം ഒരു മരുദ്വീപിൽ കണ്ടതോടുകൂടി താനൊരു മായാദ്വീപിലാണു വന്നുപെട്ടതെന്നു തന്നെ രാജകുമാരൻ തീർച്ചയാക്കി.വിചിത്രമായ സംഗീതധ്വനികളാൽ നയിക്കപ്പെട്ടതുകൊണ്ട് ആ ദ്വീപിലെ ദേവതയാണവളെന്ന് അയാൾ ഉറപ്പിക്കുകയും ചെയ്തു.ആ വിചാരത്തോടെയാണ് അയാൾ അവളോട് സംസാരിച്ച് തുടങ്ങിയത്.

താൻ ദേവതയൊന്നുമല്ല,മനുഷ്യകന്യകയാണെന്ന് അധൈര്യത്തോടെ അവൾ മറുപടിയും നൽകി.

"പ്രഭോ, ഞാനവിടുത്തെ വശീകരണ വാക്കുകൾ കേട്ട് മയങ്ങിപ്പോയി," മിറാൻഡ നാണത്തോടെ മൊഴിഞ്ഞു.

"ഓ, സുന്ദരിക്കുട്ടീ, എന്റെ സ്നേഹം നീ സ്വീകരിക്കുക. നിന്നെപ്പോലെ സുന്ദരിയായ ഒരു കന്യകയെ ഞാൻ

കണ്ടിട്ടേയില്ല.വനാന്തരത്തിൽ വളരുന്ന പൂവു പോലെ മനോഹരിയാണു നീ!"

തന്നെപ്പറ്റിയുള്ള വിവരങ്ങളൊക്കെ ഫെർഡിനാൻഡിനെ അറിയിക്കാൻ മിറാൻഡ തുനിഞ്ഞപ്പോഴേക്കും എവിടെ നിന്നെന്നറിയാതെ പ്രോസ്പെറോ പ്രത്യക്ഷപ്പെട്ട് അതു തടഞ്ഞു. അവർ നിറഞ്ഞ ആരാധനയോടെ അന്യോന്യം മിഴികൾ അയയ്ക്കുന്നതു കണ്ട് അദ്ദേഹം സന്തുഷ്ടനായി. ആദ്യകാഴ്ചയിൽത്തന്നെ അവർ പ്രേമബദ്ധരായെന്ന ദ്ദേഹം മനസ്സിലാക്കി.

## ഒരു പരീക്ഷണം

ഫെർഡിനാൻഡിന്റെ സ്നേഹം എത്രത്തോളം ഉറപ്പുള്ളതാണ് എന്നറിയാൻ പ്രോസ്പെറോ തീരുമാനിച്ചു. അതുകൊണ്ട് അവരിൽ മുളപൊട്ടിയ

സ്നേഹത്തിനിടയിൽ അല്പം ചില വിഘ്നങ്ങൾ ഉണ്ടാക്കാൻ അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹം കടുത്ത ഭാവത്തോടെ കുമാരനെ നേരിട്ടു. "ഹേയ്, അതിക്രമക്കാരാ, എന്റെ ദ്വീപിൽ കടന്നു കയറി എന്റെ പുത്രിയോടു സംസാരിക്കാൻ നിനക്കെങ്ങനെ ധൈര്യം വന്നു?

ഈ ദ്വീപിൽ നീ ചാരനായിട്ടാണ് എത്തിയിരിക്കുന്നത്. അതിന്റെ ഉടമയായ എന്നിൽ നിന്നതു തട്ടിയെടുക്കാൻ."

ഇവിടേക്കു കടന്നു കയറിയതിൽ ഞാനങ്ങയോടു ക്ഷമ ചോദിക്കുന്നു. ഇത് അങ്ങയുടെ മകളാണോ? അങ്ങനെയെങ്കിൽ ഞാനവളെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. "

"വിവാഹം കഴിക്കാനോ? എന്റെ മകളെയോ? ഹാഹാ-ഹാ- നല്ല കാര്യമായി. എന്നെ പിൻതുടരൂ," അദ്ദേഹം പറഞ്ഞു. "ഞാൻ നിന്റെ കാലും കഴുത്തും തമ്മിൽ കൂട്ടിക്കെട്ടും. പിന്നെ നിനക്കു കടൽവെള്ളം കുടിക്കാം.

ആറ്റുകക്കയും വാടിയ കിഴങ്ങും കരുവേലകവിത്തിന്റെ തോടും മാത്രം ഭക്ഷിക്കാം."

“ഇതു കൊള്ളാം! ഇങ്ങനെ ശിക്ഷിക്കപ്പെടാൻ മാത്രം ഞാനെന്തു പാപമാണു ചെയ്തത്?” കുമാരൻ വിലപിച്ചു.

“എന്നോട് ഇത്തരത്തിൽ സംസാരിക്കാനുള്ള ധൈര്യം നീ കാണിച്ചു. അതു തന്നെ." അപ്പോഴും കുമാരനോടു തനിക്ക് അതിയായ കോപമുണ്ടെന്ന് അഭിനയിച്ചുകൊണ്ട് പ്രഭു പറഞ്ഞു. “നീ ആരോടാണു സംസാരിക്കുന്നതെന്നു നീ അറിയുന്നില്ല!"

താങ്കളാരായാലും എനിക്കൊന്നുമില്ല. ഞാനതു വക വെയ്ക്കുന്നുമില്ല. അത്തരം സൽക്കാരവും എനിക്കു വേണ്ട. എന്റെ ശത്രു എന്നേക്കാൾ കൂടുതൽ ശക്തിനേടും വരെ ഞാൻ ഇത്തരം പെരുമാറ്റത്തെ ചെറുത്തുനില്ക്കും." വാൾ വലിച്ചൂരിക്കൊണ്ട് കുമാരൻ പറഞ്ഞു. എന്നാൽ പ്രോസ്പെറോ മാന്ത്രികദണ്ഡു വീശി കുമാരനെ നിന്ന സ്ഥലത്തു തന്നെ നിർത്തുകയാണു ചെയ്തത്.അതോടെ ചലിക്കാനുള്ള ശക്തി അയാൾക്കു നഷ്ടപ്പെട്ടു.

അതുകണ്ട് മിറാൻഡ അച്ഛന്റെ മേലേക്കു ചാഞ്ഞു. “അച്ഛാ! അങ്ങെന്താണിത്ര ക്രൂരനാകുന്നത്? അദ്ദേഹത്തോട് ദയ കാണിക്കു. ഞാൻ കാണുന്ന രണ്ടാമത്തെ പുരുഷനാണിത്. വളരെ സൗമ്യനായ ഒരു നല്ല മനുഷ്യൻ." “മിണ്ടിപ്പോകരുത്. ഇനി ഒരു വാക്കു കൂടുതലായി പറഞ്ഞാൽ എനിക്കു നിന്നെ വഴക്കു പറയേണ്ടി വരും. ഹും! ഒരു കപടനാട്യക്കാരനു വേണ്ടി വക്കാലത്തു പറയാൻ വന്നിരിക്കുന്നു! ഇവനെപ്പോലെ സുന്ദരനായ മനുഷ്യരില്ലെന്നാണോ നീ കരുതുന്നത്? നീ ഇവനെയും കാലിബനെയും മാത്രമേ കണ്ടിട്ടുള്ളൂ. അതാണ് കാരണം. മണ്ടിപ്പെണ്ണേ, ഇയാൾ

കാലിബനെക്കാൾ ഭേദമായിരിക്കും. പക്ഷേ, മിക്കവാറും എല്ലാ പുരുഷന്മാരും ഇയാളേക്കാൾ സൗന്ദര്യമുള്ളവരാണ്."

തന്റെ മകൾ എത്ര മാത്രം ഉറപ്പുള്ളവളാണെന്ന് കണ്ടെത്താനാണ് അയാൾ ഇത്രയും കടുപ്പിച്ചു പറഞ്ഞത്.

അതു കേട്ടയുടനെ അവൾ പറഞ്ഞു. "എന്റെ സ്നേഹം വളരെ ഉറച്ചതാണ്. സുമുഖനായ മറ്റൊരു മനുഷ്യനെ കാണണമെന്ന് എനിക്കൊട്ടും ആഗ്രഹമില്ല."

"ഹും! നടക്ക്, എന്റെ പിന്നാലെ!" പ്രോസ്പെറോ ആജ്ഞാപിച്ചു. "യുവാവേ, നിന്നോടാണു ഞാൻ പറയുന്നത്. നിനക്കെന്നെ അനുസരിക്കാതെ തരമില്ല." കണ്ണെത്തും ദൂരത്തോളം മിറാൻഡയെ തിരിഞ്ഞു നോക്കിക്കൊണ്ട് കുമാരൻ പ്രോസ്പെറോയെ പിൻതുടർന്നു.

ഫെർഡിനാൻഡ് അപ്പോഴും പ്രഭുവിന്റെ മായികവലയത്തിലായിരുന്നു. അതുകൊണ്ടയാൾ അദ്ദേഹത്തെ മടിയില്ലാതെ അനുസരിച്ചു. പിന്നീട് പ്രോസ്പെറോ തടവുകാരനെ അതികഠിനമായ ഒരു ജോലി ഏല്പിച്ചു. താൻ അടിച്ചേല്പിച്ച കഠിനജോലിയെപ്പറ്റി മിറാൻഡ മനസ്സിലാക്കണമെന്ന് അദ്ദേഹത്തിനു വലിയ നിർബന്ധമുണ്ടായിരുന്നു. പഠനമുറിയിലേക്കു പോകുന്നു എന്നു ഭാവിച്ചു കൊണ്ട് അദ്ദേഹം ഇരുവരെയും രഹസ്യമായി നിരീക്ഷിച്ചു.കട്ടിയുള്ള തടിക്കഷണങ്ങൾ കൂനകൂട്ടി വയ്ക്കാൻ പ്രോസ്പെറോ ഫെർഡിനാൻഡിനോട് ആജ്ഞാപിച്ചു. രാജകുമാരനായതുകൊണ്ട് അത്തരം കഠിനജോലികൾ ചെയ്ത് അയാൾക്കു ശീലമുണ്ടായിരുന്നില്ല. തന്മൂലം ആകെ ക്ഷീണിച്ച് ഏതാണ്ടു ചാകാറായ കുമാരനെയാണ് ഏറെ താമസിയാതെ മിറാൻഡയ്ക്കു കാണാൻ കഴിഞ്ഞത്.

അവൾ അയാളുടെ അടുത്തേക്കു വന്നു. "അത്ര അധിക മൊന്നും കഷ്ടപ്പെടാൻ നില്ക്കേണ്ട. അച്ഛൻ പഠനമുറിയിലാണ്.അദ്ദേഹം ഇപ്പോഴൊന്നും പുറത്തുവരില്ല. അതുകൊണ്ട് അങ്ങു ദയവായി വിശ്രമിക്കൂ."

"ഓ, വേണ്ട കുമാരീ, വിശ്രമിക്കുന്നതിനു മുമ്പ് എനിക്കു കുറച്ചു ജോലികൾ കൂടി തീർക്കേണ്ടതുണ്ട്."

രാജകുമാരനു വേണ്ടി താൻ വിറകു ചുമക്കാമെന്ന് മിറാൻഡ പറഞ്ഞു. പക്ഷേ, അയാളതു നിരസിക്കുകയാണു ചെയ്തത്, സഹായത്തിനു പകരം മിറാൻഡ അപ്പോൾ ഒരു തടസ്സമായാണ് അയാൾക്കു തോന്നിയത്. സംസാരം നീണ്ടതു കൊണ്ട് വിറകു ചുമക്കൽ വളരെ സാവധാനമാണ് നടന്നത്.

മിറാൻഡ കരുതിയതുപോലെ പ്രോസ്പെറോ പുസ്ത കത്തിൽ മുഴുകിയിരിക്കുകയായിരുന്നില്ല. അദ്ദേഹം മായാവിയായി അവർക്കരികിൽത്തന്നെ നില്ക്കുന്നുണ്ടായിരുന്നു; അവർ പറയുന്നതെന്താണെന്നു കേൾക്കാൻ. ഫെർഡിനാൻഡ് അവളുടെ പേര് ചോദിച്ചു. പിതാവിന്റെ കഠിനമായ ആജ്ഞയക്കെതിരായാണ് താനങ്ങനെ ചെയ്യുന്നതെന്നു പറഞ്ഞുകൊണ്ടവൾ പേരു പറഞ്ഞുകൊടുത്തു. അതു കേട്ടപ്പോൾ തന്റെ പുത്രിയുടെ ആദ്യത്തെ അനുസരണക്കേടിനെപ്പറ്റി ഓർത്ത് പ്രേസ്പെറോ പുഞ്ചിരിക്കുക മാത്രമാണു ചെയ്തത്. പിതാവിന്റെ ആജ്ഞയെ ധിക്കരിച്ച അവൾ അതിലൂടെ തന്റെ സ്നേഹം അയാളോടു തുറന്നു കാട്ടുക യായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം കോപിക്കാത്തത്. തന്നെയുമല്ല, ഫെർഡിനാൻഡിന്റെ നീണ്ട സംസാരത്തിൽ മിറാൻഡയോടുള്ള തന്റെ സ്നേഹം അയാളുടെ പരിചയക്കാരായ മറ്റു

വനിതകളോടുള്ളതിനെക്കാൾ വളരെ മേലെയാണെന്ന് അയാൾ ഉറപ്പിച്ചു പറയുകയും ചെയ്തു. പ്രോസ്പെറോ അതു വളരെ സന്തോഷത്തോടെയാണ് കേട്ടു നിന്നത്.

മിറാൻഡയുടെ സൗന്ദര്യത്തെ പ്രകീർത്തിച്ച ഫെർഡിനാൻഡിന് അവൾ ഇപ്രകാരം മറുപടി കൊടുത്തു. “സ്ത്രീ ജാതിയിൽപ്പെട്ട ഒരാളുടെയും മുഖമെനിക്കോർമയില്ല. അങ്ങയുടേതൊഴിച്ച് മറ്റൊരു മുഖവും ഞാൻ കണ്ടിട്ടുമില്ല. ഈ ലോകത്തിൽ ഇനി അങ്ങയെ അല്ലാതെ മറ്റൊരു ചങ്ങാതിയെയും ഞാൻ ആശിക്കുന്നില്ല. അങ്ങയെപ്പോലെ മറ്റാരെയും ഞാൻ ഇഷ്ടപ്പെടുന്നുമില്ല. അതു കൊണ്ടു ഞാൻ സ്വാതന്ത്ര്യത്തോടെ ഒരു മറയുമില്ലാതെ സംസാരിക്കുന്നു; പിതാവിന്റെ ഉപദേശത്തെപ്പോലും മറക്കുന്നു."

തുടർന്ന് നേപ്പിൾസിലെ കിരീടാവകാശിയാണു താനെന്നു വെളിപ്പെടുത്തിയ ഫെർഡിനാൻഡ് മിറാൻഡ തന്റെ രാജ്ഞിയാകുമെന്ന് അറിയിച്ചു.

മിറാൻഡ സമ്മതിച്ചു: “അങ്ങനെ വിവാഹം കഴിക്കുകയാണെങ്കിൽ ഞാനങ്ങയുടെ റാണിയാകും."

ഇതുകേട്ട പ്രോസ്പെറോ പുഞ്ചിരിയോടെ തലകുലുക്കുക മാത്രം ചെയ്തു. അദ്ദേഹം തന്നോടു തന്നെ പറഞ്ഞു: “ഞാൻ ആഗ്രഹിച്ച വഴിയിലൂടെയാണ് കാര്യങ്ങൾ നീങ്ങുന്നത്. താമസിയാതെ എന്റെ മകൾ നേപ്പിൾസിലെ രാജകുമാരിയാകും.”

ഫെർഡിനാൻഡിനു നന്ദി പറയാനുള്ള അവസരം നൽകാതെ പ്രോസ്പെറോ അവരുടെ മുമ്പിൽ പ്രത്യക്ഷനായി. “ഭയപ്പെടേണ്ട മകളേ,” അദ്ദേഹം പറഞ്ഞു. “നിങ്ങൾ പറഞ്ഞതൊക്കെ ഞാൻ കേട്ടു. അതെല്ലാം എനിക്കു സമ്മതവുമാണ്. ഫെർഡിനാൻഡ്, ഞാൻ

നിങ്ങളെ കഠിനമായി ശിക്ഷിച്ചു. അതിനു പകരം നിങ്ങൾക്കു നൽകാവുന്ന ഏറ്റവും നല്ല പ്രതിഫലം എന്റെ മകളാണ്. അവളെ തന്ന് ഞാൻ പരിഹാരം ചെയ്യും. നിങ്ങളുടെ സ്നേഹം എത്രത്തോളം ഉറപ്പുള്ളതാണെന്നു പരീക്ഷിക്കാനായിരുന്നു ഞാൻ നിങ്ങളെ കഷ്ടപ്പെടുത്തിയത്. അതിൽ നിങ്ങൾ പ്രശംസാർഹമായ രീതിയിൽ വിജയിച്ചു കഴിഞ്ഞു. നിങ്ങളുടെ അമൂല്യസ്നേഹം അർഹമായ രീതിയിൽ ആർജിച്ചെടുത്ത എന്റെ മകളെ വിലപിടിച്ച ഒരു പ്രതിഫലമായി കരുതി നിങ്ങൾ സ്വീകരിക്കുക. ഞാനവളെ ഇങ്ങനെ പുകഴ്ത്തുന്നതു കാണുമ്പോൾ നിങ്ങൾക്കു ചിരിവരുമെന്ന് എനിക്കറിയാം. അതു വേണ്ട. കാരണം അവൾ എല്ലാ സ്തുതികൾക്കും മേലെയാണ്."

ചില കാര്യങ്ങൾ കൂടി ചെയ്തു തീർക്കാനുണ്ടെന്നും അതിനു തന്റെ സാന്നിധ്യം കൂടിയേ കഴിയൂ എന്നും അവരോടു പറഞ്ഞിട്ട്, താൻ മടങ്ങി വരും വരെ ഒരുമിച്ചിരുന്നു സംസാരിക്കാൻ അവർക്ക് അനുവാദം നൽകിക്കൊണ്ട് അദ്ദേഹം അവിടെ നിന്നു പോയി.

## കുറ്റവാളികളുടെ വിധി

അവർക്കരികിൽ നിന്നു പോയ പ്രോസ്പെറോ ഉടനെ ഏരിയലിനെ വിളിച്ചു. പ്രോസ്പെറോയുടെ സഹോദരനേയും നേപ്പിൾസിലെ രാജാവിനെയും താൻ എന്തു ചെയ്തുവെന്ന് അദ്ദേഹത്തെ പറഞ്ഞു കേൾപ്പിക്കാനുള്ള തിടുക്കത്തോടെ ഏരിയൽ കടന്നു വന്നു.

താൻ ചെയ്ത വിചിത്രമായ കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത അവർ ഭയം കൊണ്ട്

ഏറെക്കുറെ മതി ഭ്രമത്തിലായിക്കഴിഞ്ഞുവെന്ന് ഏരിയൽ പറഞ്ഞു.

കുറേ സമയം അവർ അലഞ്ഞു തിരിഞ്ഞു. ഭക്ഷണം കിട്ടാതെ ക്ഷീണിച്ച് പട്ടിണിയും പരിവട്ടവുമായി ഇരിക്കുന്നവരുടെ മുമ്പിൽ പെട്ടെന്നു തന്നെ താൻ ഒരു വിരുന്നൊരുക്കി. അവരതു കഴിക്കാൻ തുടങ്ങിയപ്പോഴേക്കും ആർത്തി പിടിച്ച ഒരു കഴുകന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് വിരുന്നുമേശ അപ്പാടെ തിന്നു തീർത്തു.

അവരുടെ അമ്പരപ്പിന്റെ ആഴം കൂട്ടിക്കൊണ്ട് ആ കഴുകൻ സംസാരിച്ചു തുടങ്ങി. അത് അവർ ചെയ്ത ക്രൂരത അവരെ ഓർമിപ്പിച്ചു. "പ്രോസ്പെറോയെ പ്രഭു പദവിയിൽ നിന്നു തള്ളിയിട്ടിട്ട് അദ്ദേഹത്തെയും കുരുന്നു മകളെയും കടൽക്ഷോഭത്തിൽ മുങ്ങിച്ചാകാനായി തള്ളിവിട്ടില്ലേ? അതു കാരണമാണ് ഇങ്ങനൊക്കെ സംഭവിച്ചത്." ആ പക്ഷി പറഞ്ഞു.

ആകെ തളർന്നുപോയ അവർ ഒടുവിൽ വിശ്രമിക്കാനായി ഒരിടത്തിരുന്നു. നിമിഷങ്ങൾക്കകം അലോൻസോ അടുത്തുള്ള പാറയിൽക്കിടന്ന് ഗാഢനിദ്രയിലായി. അന്റോണിയോയും അലോൻസോയുടെ ഇളയ സഹോദരൻ സെബാസ്ത്യനും രഹസ്യമായി സംസാരിക്കാൻ ഒരവസരം പാർത്തിരിക്കുകയായിരുന്നു.

അലോൻസോ ഉറങ്ങിയെന്നു കണ്ടതോടെ ഇതു തന്നെ തക്കസമയമെന്നു കരുതി അവർ അദ്ദേഹത്തിന്റെ അരികിൽ നിന്ന് അല്പം മാറിയിരുന്ന് ശബ്ദം താഴ്ത്തി സംസാരിക്കാൻ തുടങ്ങി.

"ഞാനെന്റെ സഹോദരനെപ്പറ്റിയാണ് ചിന്തിക്കുന്നത്," സെബാസ്ത്യൻ പറഞ്ഞു. "എന്താ കാര്യം?" അന്റോണിയോ ചോദിച്ചു. സെബാസ്റ്റ്യന്റെ

മനസ്സിലുള്ളതെന്താണെന്ന് അന്റോണിയോയ്ക്ക റിയാമെങ്കിലും അയാളിൽ നിന്നു തന്നെ അതു കേൾക്കാനാണ് അയാൾ അങ്ങനെ ചോദിച്ചത്.

“താങ്കൾക്കറിയാമല്ലോ? ഫെർഡിനാൻഡ് ഇപ്പോൾ ജീവി രിപ്പില്ല. കിരീടാവകാശിയാകാൻ പുത്രന്മാരൊന്നും വേറെയില്ല താനും.” സെബാസ്ത്യൻ പറഞ്ഞുവച്ചു.

കപ്പൽ മുക്കുമെന്ന നിലയിൽ കൊടുങ്കാറ്റ് തകർത്തടിച്ചു കയറുമ്പോൾ ഫെർഡിനാൻഡ് കടലിലേക്കു ചാടുന്നതവർ കണ്ടിരുന്നു. അതുകൊണ്ട് അവൻ മരിച്ചുവെന്നു തന്നെയാണവർ അനുമാനിച്ചത്.

“ഇപ്പോൾ ഇയാൾക്കെന്തെങ്കിലും സംഭവിച്ചാൽ പിന്നെ നിങ്ങൾക്കു നേപ്പിൾസിലെ രാജാവാകാം.” അന്റോണിയോ അയാളുടെ നേരെ നോക്കി കണ്ണിറുക്കിക്കാട്ടി.

“നിങ്ങൾ പ്രഭുവായതുപോലെ തന്നെ, അല്ലേ?” അന്റോണി യോയുടെ പാതകത്തെ ഓർമിപ്പിച്ചു കൊണ്ട് സെബാസ്ത്യൻ ചോദിച്ചു. “നിങ്ങളെന്തു പറയുന്നു?”

“അതേ, ഞാനതു സമ്മതിക്കുന്നു,” അന്റോണിയോ പറഞ്ഞു. “നിങ്ങളുടെ സഹോദരൻ ഏറെ വർഷങ്ങളായി അധികാരം ആസ്വദിക്കുന്നു. രാജപദവിയുടെ സന്തോഷം അനുഭവിക്കാൻ ഇപ്പോൾ നിങ്ങൾക്കു സമയം ഒത്തുവ ന്നിരിക്കുകയാണ്.'' “നമുക്കിയാളെ ഇപ്പോൾത്തന്നെ അങ്ങു തീർത്താലോ?” തോളിനു മുകളിലൂടെ അലോൻ സോയെ നോക്കിക്കൊണ്ട് സെബാസ്റ്റ്യൻ ചോദിച്ചു. “ഉറങ്ങുമ്പോൾ അതു വളരെ എളുപ്പമാണ്.”

“എന്തുകൊണ്ടു ചെയ്തുകൂടാ? എത്രയും വേഗത്തി ലായാൽ അത്രയും നല്ലത്. മറ്റുള്ളവരൊന്നും കൂടെയില്ലാത്തതു കൊണ്ട് കടലിൽ വീണുപോയി

എന്നോ മറ്റോ നമുക്ക് ഉറപ്പിച്ചങ്ങു പറയുകയും ചെയ്യാം," സെബാസ്ത്യൻ അടക്കം പറഞ്ഞു. "ആരും നമ്മളെ സംശയിക്കില്ല."

അവർ അലോൻസോയെ കൊല്ലാൻ ഒരു പദ്ധതി ആസൂത്രണം ചെയ്തു. ഈ സമയത്ത് പ്രോസ്പെറോ തന്റെ മന്ത്രസിദ്ധി മൂലം അതു മനസ്സിലാക്കി. വിധിയുടെ വൈപരീത്യമോർത്ത് അദ്ദേഹം ചിരിച്ചുപോയി. ഒരിക്കൽ ഇതുപോലൊരു പദ്ധതി നടപ്പാക്കാൻ അലോൻസോ അന്റോണിയോയെ സഹായിച്ചു. ഇപ്പോൾ അയാൾ ഏറെക്കുറെ അതേ പദ്ധതിയുടെ ഇരയാകാൻ പോകുന്നു.

"അലോൻസോ, നിങ്ങൾ എനിക്കെതിരായി പ്രവർത്തിച്ചു. ഇനിയും അതുപോലെയുള്ള ഭയാനകമായ സംഭവം ആവർത്തിക്കാൻ ഞാൻ ഒരിക്കലും അനുവദിക്കില്ല. ഒരു മനുഷ്യൻ അധികാരം പിടിച്ചെടുക്കാനായി സ്വന്തം സഹോദരനെ കൊല്ലുന്നു. ഇതേ അവസ്ഥയിലൂടെ ഞാനും കടന്നുപോയതാണ്. അതെത്രമാത്രം വേദനാജനകമാണെന്ന് എനിക്കറിയാം, പ്രോസ്പെറോ തന്നോടുതന്നെ പറഞ്ഞു.

അന്റോണിയോയും സെബാസ്ത്യനും അലോൻസോയെ ഉറക്കത്തിൽ കൊല്ലും മുമ്പ് അദ്ദേഹത്തെ രക്ഷിക്കാനായി പ്രോസ്പെറോ ഉടൻ തന്നെ ഏരിയലിനെ വിളിച്ചു വരുത്തി ഉറങ്ങുന്ന രാജാവിന്റെ അരികിലേക്കയച്ചു. അവർ അടുത്തെത്തിയപ്പോഴേക്കും അലോൻസോ പെട്ടെന്നുണർന്നെഴുന്നേറ്റ് അവരെ അത്ഭുതത്തോടെ നോക്കി.

അവർ ഹൃദയത്തിൽ കുത്തുകൊണ്ടവരായി അനക്കമറ്റുപോയി. "നിങ്ങൾക്കെന്തു പറ്റി? ഇങ്ങനെ നില്ക്കുന്നതെന്താണ്? നിങ്ങൾക്കെന്തോടെന്തെങ്കിലും

പറയാനുണ്ടോ?" എഴുന്നേറ്റ് കൊണ്ട് അലോൻസോ ചോദിച്ചു.

"അത്... അത്... അങ്ങയെ ഉണർത്താൻ വന്നതാ. അങ്ങനെയെങ്കിൽ നമുക്കു യാത്ര തുടരാൻ നോക്കാമായിരുന്നു." അന്റോണിയോ വിക്കി വിക്കി പ്പറഞ്ഞു.

"പക്ഷേ... ഞങ്ങളുടെ മനസ്സു വായിച്ചതു പോലെയാണ് താങ്കളുണർന്നത്!" കൊല്ലാനുള്ള അവസരം നഷ്ടപ്പെട്ടതിലുള്ള ഇച്ഛാഭംഗത്തോടെ സെബാസ്റ്റ്യൻ പറഞ്ഞു.

"ശരിക്കും ആരോ എന്റെ ചെവിയിൽ വന്നു പിറുപിറുത്തതുപോലെ എനിക്കു തോന്നി. എന്താണു പറഞ്ഞതെന്നു ഞാനോർക്കുന്നില്ല. പക്ഷേ, എന്തായാലും അതൊരു ഓർമപ്പെടുത്തലായിരുന്നു." തങ്ങളെ കൂടാതെ ആരെങ്കിലും അവിടെയുണ്ടോയെന്നു ചുറ്റും നോക്കി ക്കൊണ്ട് അലോൻസോ പ്രതികരിച്ചു.

അന്റോണിയോയും സെബാസ്റ്റ്യനും അവിടെയുള്ള അദൃശ്യനെ കണ്ടെത്താൻ ശ്രമിക്കുന്നതിനിടയിൽ അവരുടെ അസ്വസ്ഥമായ നോട്ടങ്ങൾ ഏറ്റുമുട്ടി. എങ്കിലും അവിടെ അവർക്കാരെയും കാണാൻ കഴിഞ്ഞില്ല. എന്നാൽ ഉറക്കെച്ചിരിച്ചു കൊണ്ട് ഏരിയൽ അവരുടെ മധ്യത്തിൽ നിന്നിരുന്നു!

## ശിക്ഷാവിധി

പെട്ടെന്നു തന്നെ പ്രോസ്പെറോ ഏരിയലിനോട് തന്റെ ശത്രുക്കളെയും നല്ലവനായ ഗോൺസാലോയേയും തന്റെ ഗുഹയിലേക്കു കൊണ്ടുവരാൻ ആജ്ഞാപിച്ചു. ഏരിയൽ ഫെർഡിനാൻഡിനെ കൊണ്ടുവന്നതു പോലെ അലോൻസോയെയും അന്റോണിയോയെയും

സെബാസ്റ്റ്യനെയും പ്രോസ്പെറോയുടെ ഗുഹയിലേക്കു കൊണ്ടുവന്നു. ആ ദ്വീപിൽ മാന്ത്രികശക്തിയുണ്ടെന്ന ഉറച്ച വിശ്വാസത്തോടെ അറയിൽ പ്രവേശിച്ച അവർ വിറച്ചുകൊണ്ട് അവിടെ നിന്നു. സംഗീതത്തിന്റെ ലയവിന്യാസങ്ങളാൽ അവരെ ആകർഷിച്ചാണ് ഏരിയൽ ആ സ്ഥലത്തേക്കെത്തിച്ചത്. അരൂപികളാണിതിനു പിന്നിലെന്ന് അവർക്കു തീർച്ചയായിരുന്നു.

"ഈ സ്ഥലം അരൂപികളുടെ പിടിയിലാണ്. നാമിപ്പോൾ അവരുടെ ദയവിലാണു നില്ക്കുന്നത്. നമ്മുടെ ഭാവി എന്താവുമോ എന്തോ?" അലോൻസോ ആശങ്കാകുലനായി.

"ഈ അപരിചിതസ്ഥലത്ത് ദൈവം നമ്മെ സുരക്ഷിതരായി കാക്കട്ടെ എന്നു പ്രാർഥിക്കാം." ഗുഹ ആകമാനം വീക്ഷിച്ചു കൊണ്ട് അന്റോണിയോ പറഞ്ഞു. അപ്പോഴും പവിത്രവും അലൗകികവുമായ മധുരസംഗീതത്തിന്റെ മന്ദ്രധ്വനികൾ അവർക്കു കേൾക്കാമായിരുന്നു. എങ്കിലും അവർക്ക് ആരേയും കാണാൻ കഴിഞ്ഞില്ല.

അവർ കൂടുതൽ കൂടുതൽ ആശങ്കാകുലരായി. അങ്ങനെ ധൈര്യമില്ലാത്ത ഒരവസ്ഥയിൽ അവരെ എത്തിക്കണമെന്നായിരുന്നു പ്രോസ്പെറോ ആഗ്രഹിച്ചത്. അതുകൊണ്ട് അവർക്കു മുന്നിൽ തന്നെത്തന്നെ വെളിപ്പെടുത്തുന്നതിന് അദ്ദേഹം കുറെ സമയം കൂടെ കാത്തു. ഒടുവിൽ പുകപടലത്തിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടു. അത് ആ മൂന്നുപേരുടെയും ധൈര്യം തീർത്തും കെടുത്തിക്കളഞ്ഞു. അദ്ദേഹം പ്രഭുവിന്റെ പകിട്ടേറിയ സ്ഥാനവസ്ത്രം ധരിച്ചിരുന്നു. പ്രോസ്പെറോ മുങ്ങി മരിച്ചുവെന്നവർ വിശ്വസിച്ചിരുന്നതുകൊണ്ട് അയാളുടെ പ്രേതം തങ്ങളെ നിരന്തരം അലട്ടാനായി മടങ്ങി വന്നിരിക്കുകയാണെന്നവർ ഉറപ്പിച്ചു.

“ഇല്ല, ഇതു സത്യമല്ല. നിങ്ങൾ മരിച്ചുകഴിഞ്ഞതാണ്.” ആലില പോലെ വിറച്ചു കൊണ്ട് അന്റോണിയോ പറഞ്ഞു. “മരിച്ചവർക്ക് തിരിച്ചുവരാൻ കഴിയില്ല. കടന്നുപോവൂ.. ഹും! കടന്നു പോവാൻ."

"എന്താണു നിങ്ങൾക്കു വേണ്ടത്? നിങ്ങളെന്തിനാണ്

ഞങ്ങളെ ഇങ്ങനെ ഉപദ്രവിക്കുന്നത്?” വിറച്ചുകൊണ്ട് അലോൻസോയും ചോദിച്ചു.

“ഞാൻ നീതി നടപ്പാക്കാനാണ് തിരികെ വന്നിരിക്കുന്നത്!” പ്രോസ്പെറോ ശബ്ദമുയർത്തി. ശബ്ദം ഗുഹയിൽ പ്രതിധ്വനിച്ചു. “വളരെക്കാലം മുമ്പ് നിങ്ങളൊരു കുറ്റം ചെയ്തു. നിങ്ങളുടെ ആ പ്രവൃത്തിക്കു പകരം ചെയ്യാൻ ഇപ്പോൾ എനിക്കവസരം ലഭിച്ചിരിക്കുക യാണ്."

“ഓടിക്കോ കൂട്ടരേ, ഓടിക്കോ, നമുക്കു ചുറ്റും പ്രേതരൂപികളാണ്."

അങ്ങനെ പറഞ്ഞു കൊണ്ട് അവർ ആ സ്ഥലത്തുനിന്നും ഓടിപ്പോകാൻ തുനിഞ്ഞു. പക്ഷേ, പ്രോസ്പെറോ അവരെ മരവിപ്പിച്ചു നിർത്തിക്കളഞ്ഞു. അതുകൊണ്ടവിടെ വേരുറച്ചതുപോലെ നില്ക്കാനേ അവർക്കായുള്ളൂ. പ്രോസ്പെറോ അവരുടെ പ്രവൃത്തിയെ കുറ്റപ്പെടുത്തുമ്പോൾ അവർ നിസ്സഹായരായി അയാളെ നോക്കി നില്ക്കുക മാത്രം ചെയ്തു.

“നിരപരാധിയായ ഒരു മനുഷ്യനെ അയാളുടെ കുഞ്ഞുമകളോടൊപ്പം വള്ളത്തിൽ കയറ്റി മുങ്ങിച്ചാകാനായി കടലിലേക്കു വിടുമ്പോൾ നിങ്ങൾ തികച്ചും ഹൃദയശൂന്യരായിരുന്നു!”

അന്റോണിയോയുടെയും അലോൻസോയുടെയും നേരെ കൈചൂണ്ടിക്കൊണ്ടദ്ദേഹം അലറി.

“നിങ്ങൾ ഏറ്റവും വലിയ വഞ്ചനയാണു ചെയ്തത്. ആ കുറ്റത്തിനു നിങ്ങൾ തീർച്ചയായും ശിക്ഷ അർഹിക്കുന്നുണ്ട്."

അന്റോണിയോയും അലോൻസോയും തികച്ചും ലജ്ജിതരായി. പ്രോസ്പെറോയുടെ പ്രേതമാണു സംസാരിക്കുന്നതെന്നവർക്കു വ്യക്തമായിരുന്നു. അതുകൊണ്ടു തന്നെ അവർക്ക് വളരെ കുറ്റബോധം തോന്നി.

“ദയവായി എന്നോടു ക്ഷമിക്കൂ, സഹോദരാ. ഞാനാണ് അങ്ങയെ കൊല്ലാനും അധികാരം കൈയാളാനും ഉള്ള പദ്ധതി ആസൂത്രണം ചെയ്തത്. അതിന്റെ പൂർണ ഉത്തരവാദിത്തവും ഞാൻ ഏറ്റെടുക്കുന്നു. എന്റെ പ്രവൃത്തിക്ക് അങ്ങേക്ക് എന്നെ ശിക്ഷിക്കാം.” അന്റോണിയോ തല കുനിച്ചു കൊണ്ടു പറഞ്ഞു. “ദയവായി അലോൻസോയെ ഒഴിവാക്കൂ. അദ്ദേഹം എന്റെ നല്ല സ്നേഹിതനാണ്. എന്നെ സഹായിച്ചിട്ടുമുണ്ട്. അദ്ദേഹത്തിന്റെ സഹോദരനും ഇവിടെയുണ്ട്. സെബാസ്റ്റ്യൻ. അദ്ദേഹത്തിന് ആ പദ്ധതിയെപ്പറ്റി ഒരറിവുപോലുമില്ല. ദയവായി അദ്ദേഹത്തെയും വെറുതെ വിടുക.”

“അല്ലല്ല എന്റെ ചങ്ങാതീ, ദാരുണമായ ആ പ്രവൃത്തിക്ക് ഞാനും ഉത്തരവാദിയാണ്,” അലോൻസോ കുറ്റസമ്മതം നടത്തി. "ആ ഘോരപ്രവൃത്തിക്കു ശേഷം എപ്പോഴും ഭീകരസ്വപ്നങ്ങൾ കണ്ടുകൊണ്ടാണ് ഓരോ ദിവസവും ഞാൻ ജീവിച്ചത്. പ്രോസ്പെറോ എന്നെയും ശിക്ഷിക്കു. താങ്കൾ കുറ്റവാളികളെ എങ്ങനെയാണോ ശിക്ഷിക്കുക, അതുപോലെ തന്നെ. താങ്കളെ മുക്കിക്കൊന്നതിൽ എനിക്കും പങ്കുണ്ട്. അതുകൊണ്ട് എന്നോടൊരു ദയവും

വേണ്ട. പക്ഷേ, എന്റെ സഹോദരൻ സെബാസ്റ്റ്യനെ വെറുതെ വിടൂ. കാരണം അയാൾക്കിതിൽ യാതൊരു പങ്കും ഇല്ല."

അലോൻസോയുടെ വാക്കുകൾ കേട്ട സെബാസ്റ്റ്യനെ വികാരങ്ങൾ കീഴടക്കി. കാരണം അന്റോണിയോയുടെ ഒത്താശയോടെ തന്റെ സഹോദരനെ കൊല്ലാൻ ഏതാനും നിമിഷങ്ങൾക്കു മുമ്പാണ് അയാൾ പദ്ധതി തയ്യാറാക്കിയത്. അയാൾ കുറ്റബോധത്താൽ നീറി. അതുകൊണ്ട് തന്റെ സഹോദരൻ തനിക്കു വേണ്ടി അപേക്ഷിക്കുന്നത് അയാൾക്കു സഹിക്കാനായില്ല.

"വേണ്ട, വേണ്ട സഹോദരാ, എനിക്കു വേണ്ടി അപേക്ഷി ക്കേണ്ട. താങ്കളിൽനിന്നും അത്ര മഹാമനസ്കതയൊന്നും ഞാൻ അർഹിക്കുന്നില്ല," അയാൾ ദുഃഖത്തോടെ പറഞ്ഞു. "അല്പം മുമ്പ് താൻ താങ്കളെ കൊല്ലാൻ പദ്ധതി തയ്യാറാക്കുമ്പോൾ താങ്കൾ എന്റെ ജീവിതം രക്ഷിക്കാൻ ശ്രമിക്കുന്നു. നേപ്പിൾസിലെ രാജാവാകാൻ ഞാൻ ആഗ്രഹിച്ചുപോയി, ആ ദൗത്യം വിജയിപ്പിക്കാനായി ഉറങ്ങിക്കിടക്കുന്ന താങ്കളെ കൊല്ലാൻ ഞങ്ങൾ പദ്ധതി തയ്യാറാക്കുകയാണു ചെയ്തത്" അലോൻസോയ്ക്ക് തന്റെ കാതുകളെ വിശ്വസിക്കാനായില്ല. പ്രോസ്പെറോ ഇടയ്ക്ക് കയറിപ്പറഞ്ഞു. "ശരിയാണ്. അയാൾ സത്യമാണു പറയുന്നത്. എന്റെ സഹോദരന്റെ സഹായത്തോടെ അയാൾ നിങ്ങളെ കൊന്നുകളഞ്ഞേനെ! പക്ഷേ, നിങ്ങളങ്ങനെ മരിക്കുന്നത് എനിക്കിഷ്ടമല്ല. അതുകൊണ്ട് ഞാൻ നിങ്ങളെ ഉണർത്തി. അല്ലായിരു ന്നെങ്കിൽ നിങ്ങളെപ്പോഴേ ശവമായിപ്പോയേനേ!"

"അന്റോണിയോ! എനിക്കെതിരെ പ്രവർത്തിക്കാൻ നിങ്ങൾക്കെങ്ങനെ തോന്നി. ഞാൻ എന്നും നിങ്ങളുടെ നല്ല കൂട്ടുകാരനായിരുന്നില്ലേ?" അലോൻസോ ഖേദിച്ചു.

ഭയവും ദുഃഖവും എല്ലാവരേയും സ്തംഭിപ്പിച്ചു കളഞ്ഞു. അന്റോണിയോ യഥാർഥ പശ്ചാത്താപത്തോടെ ദുഃഖം കനപ്പിച്ച ഇടറിയ വാക്കുകളിൽ തന്റെ സഹോദരനോട് കണ്ണീരോടെ മാപ്പിരന്നു. “ഞാനെന്റെ പ്രവൃത്തികളിൽ മനസ്താപപ്പെടുന്നു. എനിക്കു യോഗ്യമായ ശിക്ഷ നൽകൂ.” “എന്നെയും ശിക്ഷിക്കൂ...” സെബാസ്റ്റ്യൻ പറഞ്ഞു. “ഫെർഡിനാൻഡ് ഇല്ലാതാ യതോടെ നല്ലവനായ രാജാവിനെ കൊന്ന് അധികാരം പിടിച്ചെടുക്കാമെന്നു ഞാൻ വ്യാമോഹിച്ചു. ഞാനും ശിക്ഷ അർഹിക്കുന്നു.”

“ഓ, എന്റെ പൊന്നുമോനേ, ഫെർഡിനാൻഡേ. അവനി ല്ലാതെയുള്ള എന്റെ ജീവിതം അർഥശൂന്യമാണ്. എന്റെ പാപത്തിന്റെ ഫലമായി എനിക്കു മകൻ നഷ്ടപ്പെട്ടു. ഞാനും ശിക്ഷ അർഹിക്കുന്നുണ്ട്. പ്രോസ്പെറോ എന്നെയും ശിക്ഷിക്കൂ. മരണമാണ് എനിക്കുള്ള ശരിയായ ശിക്ഷ." അന്റോണിയോയെ സഹായിച്ചതിൽ തനിക്കുള്ള ആത്മാർഥമായ അനുതാപം പ്രകടിപ്പിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു. താൻ പ്രേതമല്ലെന്നു പറയാൻ പ്രോസ്പെറോ തീരുമാനിച്ചു. തന്നെ കടലിലേക്കു തള്ളിവിട്ട വഞ്ചിയിൽ തന്റെ മാന്ത്രികപ്പുസ്തകങ്ങളും ജീവിക്കാനാവശ്യമായ മറ്റു സാമഗ്രികളും ഗോൺസാലോ വളരെ കാരുണ്യത്തോടെ കരുതിയിരുന്നതുകൊണ്ട് അദ്ദേഹം ആദ്യം ഗോൺസാലോയ്ക്ക് സ്വയം വെളിപ്പെടുത്താനാണു തീരുമാനിച്ചത്.

അതുകൊണ്ട് 'എന്റെ ജീവരക്ഷകാ' എന്നു വിളിച്ച് പ്രോസ്പെറോ ഗോൺസാലോയെ ആശ്ലേഷിച്ചു. പിന്നീട് സഹോദരനെയും രാജാവിനെയും അഭിസംബോധന

ചെയ്തു. അപ്പോൾ മാത്രമാണ് അത് പീഡിപ്പിക്കപ്പെട്ട പ്രോസ്പെറോ ആണെന്നവർക്ക് മനസ്സിലായത്.

## വിലപിടിപ്പുള്ള സമ്മാനം

അവരുടെ പശ്ചാത്താപം കണ്ട് പ്രോസ്പെറോയുടെ ഹൃദയം അലിഞ്ഞു. അദ്ദേഹം അവർക്കു മാപ്പു കൊടുത്തു. അന്റോണിയോ പ്രഭു പദവി തിരികെ കൊടുക്കാൻ സന്നദ്ധത കാണിച്ചപ്പോൾ അദ്ദേഹം നേപ്പിൾസിലെ രാജാവിനോടു പറഞ്ഞു:

“താങ്കൾക്കു പകരം തരാൻ എന്റെ കൈയിലും ഒരു സമ്മാനം ഉണ്ട്." തുടർന്നദ്ദേഹം വാതിൽ തുറന്ന് മിറാൻഡയോടൊത്ത് ചെസ് കളിച്ചുകൊണ്ടിരിക്കുന്ന രാജാവിന്റെ മകനെ കാണിച്ചു കൊടുത്തു. അപ്രതീക്ഷിതമായ ഈ സമാഗമത്തിൽ അച്ഛന്റെയും മകന്റെയും സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. കാരണം ഓരോരുത്തരും കരുതിയത് മറ്റേയാൾ കടൽക്ഷോഭത്തിൽപ്പെട്ടു മുങ്ങിപ്പോയി എന്നാണ്.

മിറാൻഡയുടെ സൗന്ദര്യവും വിശിഷ്ടഭാവവും നേപ്പിൾസിലെ രാജാവിനെ വിസ്മയിപ്പിച്ചു."ആരാണീ കന്യക?” രാജാവു ചോദിച്ചു. “നമ്മെ വേർപെടുത്തുകയും കൂട്ടിച്ചേർക്കുകയും ചെയ്ത ദേവതയാണെന്നു തോന്നുന്നു.”

“അല്ല പിതാവേ,” ആദ്യം മിറാൻഡയെ കണ്ടപ്പോൾ തനിക്കുണ്ടായ തെറ്റിദ്ധാരണ തന്നെ തന്റെ പിതാവിനും ഉണ്ടായല്ലോ എന്നോർത്ത് പുഞ്ചിരിയോടെ ഫെർഡിനാൻഡ് പറഞ്ഞു. “അവൾ മനുഷ്യകന്യക തന്നെയാണ്. എങ്കിലും ദൈവ നിശ്ചയത്താൽ അവൾ എന്റേതായി. അങ്ങു ജീവിച്ചിരിപ്പില്ല എന്നു കരുതി അങ്ങയോടു ചോദിക്കാതെയും അങ്ങയുടെ സമ്മതം

തേടാതെയും ഞാനിവളെ തിരഞ്ഞെടുത്തു. അവൾ ഈ പ്രോസ്പെറോയുടെ മകളാണ്. മിലാനിലെ പ്രഭുവിന്റെ മകൾ. ഞാനദ്ദേഹത്തിന്റെ കീർത്തി ഏറെ കേട്ടിരിക്കുന്നു. പക്ഷേ, ഇതുവരെ കണ്ടിട്ടില്ല. അദ്ദേഹമാണെനിക്കു പുതുജീവൻ തന്നത്. ഈ പ്രിയപ്പെട്ടവളെ തന്നതു വഴി അദ്ദേഹം എന്റെ അച്ഛനായി മാറിക്കഴിഞ്ഞു."

അങ്ങനെയെങ്കിൽ ഞാൻ അവളുടെ അച്ഛനാകാം. ഞാനെന്റെ കുഞ്ഞിനോടു മാപ്പിരക്കണമല്ലോ? അത് എത്ര വിചിത്രമായ ഒരു കാര്യമായിരിക്കും? "

"പ്രഭോ, ഇനി കൂടുതലൊന്നും പറയേണ്ട." പ്രോസ്പെറോ പറഞ്ഞു. "എല്ലാം ശുഭമായി പര്യവസാനിച്ചതു കൊണ്ട് കഴിഞ്ഞു പോയ കഷ്ടപ്പാടുകളെപ്പറ്റി നമുക്കിനി ഓർക്കാതിരിക്കാം"

തുടർന്ന് പ്രോസ്പെറോ സഹോദരനെ വീണ്ടും ആലിംഗനം ചെയ്തുകൊണ്ട് താൻ കുറ്റം പൊറുത്തുവെന്ന് വീണ്ടും ഉറപ്പിച്ചു.

പ്രോസ്പെറോയുടെ വായിൽ നിന്നു വീണ കരുണ നിറഞ്ഞ വാക്കുകൾ അന്റോണിയോയിൽ ലജ്ജയും പശ്ചാത്താപവും നിറച്ചു. അതുകൊണ്ട് ഒന്നും പറയാതെ കരയാനേ അയാൾക്കു കഴിഞ്ഞുള്ളൂ. ഈ സന്തോഷകരമായ പുനസംയോഗം കണ്ട് ദയാലുവായ ഗോൺസാലോ കരയുകയും നവമിഥുനങ്ങളുടെ അനുഗ്രഹത്തിനായി പ്രാർഥിക്കുകയും ചെയ്തു.

സമുദ്രയാത്രയ്ക്കായി അവരുടെ കപ്പൽ തയ്യാറാക്കാൻ പ്രോസ്പെറോ ഏരിയലിനോടു കല്പിച്ചു. ഏരിയൽ ദ്വീപിൽ ചുറ്റിനടന്ന് കപ്പലിന്റെ അറ്റകുറ്റപ്പണി ചെയ്തു. അതുപോലെ തന്നെ ദ്വീപിലാകെ ചുറ്റിത്തിരിഞ്ഞു നടന്ന കപ്പൽ ജോലിക്കാരെയും ഏരിയൽ കൂട്ടിച്ചേർത്തു.

എന്നിട്ട് കപ്പൽ തയ്യാറായി തുറമുഖത്ത് സുരക്ഷിതമായി കിടക്കുന്നുവെന്ന് പ്രോസ്പെറോ അറിയിച്ചു. അടുത്ത ദിവസം താനും തന്റെ പുത്രിയും അവരെ അനുഗമിക്കുന്നതായിരിക്കുമെന്നും അദ്ദേഹം അവരെ അറിയിച്ചു.

"ഇപ്പോൾ നിങ്ങളെ ഞാനെന്റെ പാവപ്പെട്ട അറയിലേക്കു ക്ഷണിക്കുന്നു. അവിടെ നിങ്ങൾക്കു വിശ്രമിക്കാം. വൈകുന്നേരത്തെ സമയം കൊല്ലാനായി എന്റെ ജീവിതകഥയും മരുദ്വീപിൽ വന്ന ശേഷമുള്ള ചരിത്രവും ഞാൻ വിവരിക്കാം." തുടർന്നദ്ദേഹം കാലിബനെ വിളിച്ച് ഭക്ഷണമുണ്ടാക്കാൻ പറഞ്ഞു.

കാലിബനെന്ന വൃത്തികെട്ട രാക്ഷസന്റെ വിചിത്രവും വന്യമൃഗത്തിന്റേതു പോലുള്ള ആകൃതിയും കണ്ട് അതിഥികൾ അമ്പരന്നു.

കപ്പൽ പുറപ്പെടാൻ തയ്യാറായപ്പോൾ എല്ലാവരും അതിൽ കയറി. പ്രോസ്പെറോ ആയിരുന്നു അവസാനത്തെ ആൾ. കപ്പലിൽ കയറും മുമ്പേ തന്റെ വിശ്വസ്ത പരിചാരകനായിരുന്ന ഏരിയലിനെ അദ്ദേഹം സ്വതന്ത്രനാക്കിപച്ചവിരിച്ച മരങ്ങൾക്കു . താഴെ കാട്ടുകിളിയെപ്പോലെ, കാമ്യമായ ഫലക്കൂട്ടങ്ങക്കിടയിലൂടെ, സൗരഭ്യമുള്ള സുന്ദരപുഷ്പങ്ങൾക്കിടയിലൂടെ, ഒക്കെ ഒരു നിയന്ത്രണവുമില്ലാതെ കാറ്റിനൊപ്പം ഒഴുകി നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി എപ്പോഴും ഏരിയൽ ആഗ്രഹിച്ചിരുന്നുഅതുകൊണ്ട് സ്വാതന്ത്ര്യം . കിട്ടിയപ്പോൾ ആ അരൂപി അതിയായി സന്തോഷിച്ചു .

"എന്റെ ഏരിയൽ കുഞ്ഞേ..." അരൂപിയെ സ്വതന്ത്രനാക്കുമ്പോൾ പ്രോസ്പെറോ പറഞ്ഞു. "നിന്റെ അഭാവം തീർച്ചയായും എനിക്കൊരു നഷ്ടം തന്നെയാണ്. എന്നാലും സാരമില്ല. ഇനി മുതൽ നീ സ്വത്രന്ത്രനാണ്.

ആ സ്വാത്രന്ത്ര്യം ആഘോഷിക്കൂ. ഞാൻ നിന്നെ ഒരിക്കലും മറക്കില്ല."

"നന്ദി, പ്രിയപ്പെട്ട യജമാനനേ," ഏരിയൽ പറഞ്ഞു. എന്നിട്ടവൻ തന്റെ മനോഹരമായ പാട്ടു മൂളി.

പ്രോസ്പെറോ തന്റെ മാന്ത്രികഗ്രന്ഥങ്ങളും ദണ്ഡും ദ്വീപിൽത്തന്നെ ആഴത്തിൽ കുഴിച്ചിട്ടു. കാരണം ഇനിയൊരിക്കലും മാന്ത്രികവിദ്യ ഉപയോഗിക്കാൻ അയാൾ ഇഷ്ടപ്പെട്ടില്ല.

ഒടുവിലാണ് അദ്ദേഹം കപ്പലിൽ കയറിയത്. കപ്പൽ മിലാനെ ലക്ഷ്യമാക്കി പാഞ്ഞു. മിലാനിലെ പ്രജകൾ അദ്ദേഹത്തിന് ഊഷ്മളമായ വരവേല്പാണു നൽകിയത്. തങ്ങളുടെ പ്രഭു ജീവിച്ചിരിക്കുന്നു എന്നറിഞ്ഞ ജനങ്ങൾ ആനന്ദത്തിലാറാടി.

പ്രോസ്പെറോ പ്രഭുപദവി ഏറ്റെടുത്തു. അങ്ങനെ അദ്ദേഹം തന്റെ ശത്രുക്കളുടെ മേൽ വിജയം നേടി. സഹോദരനുമായും നേപ്പിൾസിലെ രാജാവുമായും യോജിപ്പിലെത്തി.പിന്നീടവിടെ അദ്ദേഹത്തിന്റെ സന്തോഷത്തെ ഹനിക്കുന്ന ഒന്നും അവശേഷിച്ചില്ല.

മിറാൻഡ ഫെർഡിനാൻഡ് രാജകുമാരനെ വിവാ ചെയ്ത് നേപ്പിൾസിൽ സന്തോഷമായിപാർത്തു.

തുടർന്ന് പ്രോസ്പെറോ മിലാനിലെ പ്രഭുവായി അനേക വർഷങ്ങൾ ജനങ്ങളെ സേവിച്ചു.